ജില്ലാ-സംസ്ഥാന സ്കൂൾ യുവജനോത്സവം, കായിക, ശാസ്ത്ര-ഗണിത മേളകൾ

50 (5121) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ-സംസ്ഥാന സ്കൂൾ യുവജനോത്സവം, കായികമേള, ശാസ്ത്രീയ-ഗണിതമേള എന്നിവയിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത മേളകളിൽ വിജയം കൈവരിക്കുന്നവർക്ക് തുടർ മത്സരങ്ങളിൽ പങ്കെടുക്കാൻ ശാസ്ത്രീയമായ പരിശീലനം നൽകുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മേളകളിൽ മികവ് പുലർത്തുന്നവർക്കുള്ള ആനുകൂല്യങ്ങളിൽ കാലോചിതമായമാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) സംസ്ഥാന യുവജനോത്സവത്തിലും ശാസ്ത്രഗണിതമേളകളിലും എ, ബി, സി, ഗ്രേഡ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളിൽ യഥാക്രമം 30, 24, 18 മാർക്കുകൾ ഗ്രേസ് മാർക്കായി നൽകുന്നു. ഓരോ മത്സരത്തിലും ആദ്യം മൂന്ന് സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 2000, 1600, 1200 രൂപ ക്യാഷ് അവാർഡും നൽകുന്നു.

സംസ്ഥാനതലത്തിൽ ശാസ്ത്ര വിഭാഗത്തിലെ ടാലന്റ് സെർച്ച് പരീക്ഷ, ക്വിസ് മത്സരം, ഗണിതശാസ്ത്ര വിഭാഗത്തിലെ ക്വിസ് മത്സരം എന്നിവയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്കും പ്രോത്സാഹന സമ്മാനമായി പുസ്തകവും നൽകുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കലകളിൽ ശോഭിക്കുന്നവരും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയുള്ളവരും ഉപജില്ലാ കലോൽസവത്തിൽ പങ്കെടുത്ത് ജില്ലാതലത്തിൽ മത്സരിക്കാൻ യോഗ്യത നേടുകയും ചെയ്യുന്നവരായ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽ ഓട്ടൻതുള്ളൽ, ഭരതനാട്യം, കഥകളി, കുച്ചിപ്പുടി, മോഹിനിയാട്ടം, നാടോടി നൃത്തം എന്നീ ഇനങ്ങളിൽ പ്രതിഭ തെളിയിക്കുന്നവർക്ക് 10,000 രൂപ വീതം ധനസഹായം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കായികമേളയിൽ സംസ്ഥാനതല അക്വാട്ടിക്സ് മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനം നേടുന്നവർക്ക് യഥാക്രമം 600, 500, 400 രൂപയും അത്ലറ്റിക്സ് മത്സരത്തിൽ 750, 625, 500 രൂപയും ഗെയിംസിന് 375, 250, 125 രൂപയും ക്യാഷ് അവാർഡ് നൽകുന്നു. പ്രസ്തുത മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനം ലഭിക്കുന്നവർക്ക് എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളിൽ യഥാക്രമം എഴുത്തുപരീക്ഷയുടെ 5 ശതമാനം, 4 ശതമാനം, 3 ശതമാനം ഗ്രേസ് മാർക്കും 4 മുതൽ 6 സ്ഥാനം നേടുന്നവർക്ക് 2 ശതമാനം ഗ്രേസ് മാർക്കും നൽകുന്നു.

(ബി) ദേശീയ അന്തർദേശീയ കായികമേളയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് സംസ്ഥാനതലത്തിൽ പരിശീലനം നൽകാറുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ശ്രീമതി ലേജു കൃഷ്ണന് മുൻകാല പ്രാബല്യത്തിൽ നിയമനം

51 (5122) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ ഇരുമ്പനങ്ങാട് എ.ഇ.പി.എം.എച്ച്.എസ്.എസ്.-ലെ സോഷ്യൽ സയൻസ് ഹൈസ്കൂൾ അദ്ധ്യാപികയായ ശ്രീമതി ലേജു കൃഷ്ണന് 18-6-2008 മുതൽ 28-8-2009 വരെയുള്ള കാലയളവിൽ ജോലിചെയ്തിട്ടുള്ളവേതനം ലഭിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ ഇതുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ആഫീസിൽ A3/57938/13 എന്ന ഫയലിന്മേൽ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) അടിയന്തരമായി പ്രസ്തുത കാലയളവിലെ നിയമനം അംഗീകരിച്ച് ടിയാൾക്ക് വേതനം ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഫയലിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly